Draft #1 of File 68453/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 15-Apr-2021 01:14 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സ്കൂൾ ഓഫ് ഡേറ്റ അനലിറ്റിക്സ്, സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ പഠന വകുപ്പുകളിൽ നടത്തപ്പെടുന്ന പ്രോഗ്രാമുകളായ M.Sc Mathematics. M.Sc Statistics, M.Sc Data Science & Analytics എന്നീ പ്രോഗ്രാമുകളിലേക്ക് 2021 അക്കാദമിക വർഷത്തെ പ്രവേശനത്തിനായി പഠന വകുപ്പുകളുടെ ഹോണററി ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശകൾ ഭേദഗതിയോടെ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 2023/AC B 7/2021/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 15.04.2021

---

*പരാമർശം:*-(1) സ്കൂൾ ഓഫ് ഡേറ്റ അനലിറ്റിക്സ്, സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ പഠന വകുപ്പുകളുടെ ഹോണററി ഡയറക്ടർ സമർപ്പിച്ചിട്ടുള്ള 16.03.2021 തീയതിയിലെ കത്ത്.

**<u>ഉത്തരവ്</u>**

മേൽ പരാമർശം പ്രകാരം സ്കൂൾ ഓഫ് ഡേറ്റ അനലിറ്റിക്സ്, സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ പഠന വകുപ്പുകളുടെ ഹോണററി ഡയറക്ടർ താഴെ പറയുന്ന ശിപാർശകൾ സമർപ്പിച്ചിരുന്നു.

1) M.Sc Mathematics. M.Sc Statistics, M.Sc Data Science & Analytics എന്നീ പ്രോഗ്രാമുകളിലേക്ക് Mathematics, Statistics, computing എന്നീ വിഷയങ്ങളിൽ പ്രാവണ്യമുള്ളവരെ ആണ് ആവശ്യമുള്ളതെന്നും ആയതിനാൽ പ്രസ്തുത 3 പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിനായി ഒരേ സിലബസ് അടിസ്ഥാനമാക്കി 80 മൾട്ടിപ്പ്ൾ ചോയ്സ് ചോദ്യങ്ങൾ (MCQ) ഉള്ള ഒരു ചോദ്യപേപ്പർ ഉപയോഗിച്ച് പൊതുപ്രവേശന പരീക്ഷ നടത്തുവാനുള്ള ശിപാർശ

2) പ്രവേശനത്തിനായി 80 മാർക്കിൻെറ ഒബ്ജക്റ്റീവ് പരീക്ഷയ്ക്ക്പുറമെ 20 മാർക്കിൻെറ ഇൻറ്റർവ്യൂ കൂടി നടത്തി അന്തിമ റാങ്ക് പട്ടിക തയ്യാറാക്കുവാനുള്ള ശിപാർശ

3 ) M.Sc Mathematics. M.Sc Statistics, M.Sc Data Science & Analytics എന്നീ പ്രോഗ്രാമുകളിലേക്കുള്ള ഒബ്ജക്റ്റീവ് പരീക്ഷയ്ക്ക് Undergraduate level Mathematics (40 %), Probability & Statistics (40%), Computing & General Mental ability (20% ) എന്ന സിലബസ് അടിസ്ഥാനമാക്കി പരീക്ഷാ നടത്തുവാനുള്ള ശിപാർശ

4) പഠന വകുപ്പിൽ ഡയറക്ടർ അല്ലാതെ മറ്റ് അധ്യാപകർ ഇല്ലാത്തതിനാൽ പ്രവേശന പരീക്ഷയുടെ ചോദ്യം തയാറാക്കുന്നതിനായി യോഗ്യരായ 4 ചോദ്യപേപ്പർ സെറ്റർമാരുടെ സേവനം

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഉപയോഗിക്കുവാനുള്ള ശിപാർശ

5) MSc Statistics പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിനായി28 / 1 / 2021 ലെ 4612 / ACB 7 -3 / 2021 വിജ്ഞാപന പ്രകാരം ലഭിച്ച ആകെ 31 അപേക്ഷകളിൽ യോഗ്യത പൂർത്തീകരിച്ച 9 പേർ മാത്രമേയുള്ളുവെന്നും ഇവരുടെ മാർക്ക് നിലവാരം വളരെ താഴെയാണെന്നതിനാൽ പ്രസ്തുത വിജ്ഞാപനപ്രകാരം അഡ്മിഷൻ പ്രായോഗികമായി നടപ്പാക്കാൻ സാധിക്കുകയില്ല എന്നും ആയതിനാൽ MSc Statistics പ്രോഗ്രാമിലേക്ക് അപേക്ഷാ സമർപ്പിച്ചിട്ടുള്ളവരെ 2021 ലെ CAT പ്രവേശനത്തിന് പരിഗണിക്കണം എന്നും MSc Statistics പ്രോഗ്രാമിലേക്ക് 2021 അക്കാദമിക വർഷത്തിൽ വീണ്ടും വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സെക്ഷന് നിർദേശം കൊടുക്കുന്ന കാര്യം പരിഗണിക്കുവാനുള്ള ശിപാർശ

6) M.Sc Mathematics. M.Sc Statistics, M.Sc Data Science & Analytics എന്നീ പ്രോഗ്രാമുകളെ ഒരു ക്ലസ്റ്റർ ആയി പരിഗണിച്ച് ഒരു അപേക്ഷാ ഫീസ് വാങ്ങുന്നത് പരിഗണിക്കണമെന്നുള്ള ശിപാർശ

മേൽ ഖണ്ഡിക 1 മുതൽ 4 വരെയുള്ള ശിപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിക്കുകയും മേൽ ഖണ്ഡിക 5 ലെ ശിപാർശ പരിശോധിച്ചതിൽ 2020 അക്കാദമിക വർഷം MSc Statistics പ്രോഗ്രാമിലേക്ക് അപേക്ഷിച്ചവരെ 2021 അക്കാദമിക വർഷത്തെ പ്രവേശനത്തിന് പരിഗണിക്കുവാൻ പ്രായോഗിക ബുന്ധിമുട്ട് ഉള്ളതിനാൽ ഇവർക്ക് അപേക്ഷാഫീസ് റീഫണ്ട് ചെയ്തു നൽകുവാനും താൽപര്യമുള്ളവർക്ക് 2021 ലെ CAT ന് അപേക്ഷിക്കുവാൻ സാധിക്കും എന്ന അറിയിപ്പ് നൽകുവാനും മേൽ ഖണ്ഡിക 6 ലെ ശിപാർശ പരിശോധിച്ചതിൽ വ്യത്യസ്ത പഠന വകുപ്പിൽ നടത്തുന്ന പ്രോഗ്രാമുകൾക്ക് വെവ്വേറെ അപേക്ഷാ ഫീസ് നൽകേണ്ടതുണ്ടെന്നതിനാൽ സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിൽ നടത്തുന്ന M.Sc Mathematics. M.Sc Statistics എന്നീ പ്രോഗ്രാമുകൾക്ക് ഒരു അപേക്ഷാ ഫീസും സ്കൂൾ ഓഫ് ഡേറ്റാ അനലിറ്റിക്സ് നടത്തുന്ന M.Sc Data Science & Analytics പ്രോഗ്രാമിലേക്ക് മറ്റൊരു അപേക്ഷാ ഫീസും വാങ്ങുവാനും ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

Draft #1 of File 68453/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 15-Apr-2021 01:14 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) സ്കൂൾ ഓഫ് ഡേറ്റ അനലിറ്റിക്സ്, സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ പഠന വകുപ്പുകളുടെ ഹോണററി ഡയറക്ടർ

(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(3 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്

(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5 ) എ.ആർ 4 (അക്കാദമിക് )

(6) എ.ഡി.എ 11 (ഖണ്ഡിക 5 ലെ ശിപാർശയിൽ ഭേദഗതി വരുത്തിയ ഉത്തരവ് അനുസരിച്ച് ഫീസ് റീഫണ്ട് നൽകുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി)

(7) എ.ആർ 21 പരീക്ഷാ (മേൽ ഖണ്ഡിക 1 ഉത്തരവ് അനുസരിച്ച് ചോദ്യപേപ്പർ സെറ്റ് ചെയ്യുന്ന തുടർനടപടികൾ സ്വീകരിക്കുന്നതിനായി )

(7) കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 68453/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 15-Apr-2021 01:14 PM - Page 3